പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3670 — 26.06.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. വെൽഫെയർ ഓഫീസർ ഗ്രേഡ് 2 നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബെന്നി ബെഹനാൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | മുൻസർക്കാർ കെ.എസ്.ആർ.ടി.സി വെൽഫെയർ ഓഫീസർ ഗ്രേഡ് 2 നിയമനത്തിൽ യോഗ്യത ഇല്ലാത്തവരെ ഒഴിവാക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുമെന്ന് 13-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിൽ ചോദ്യം നമ്പർ 2234 -ന് മറുപടിയായി നൽകിയതിൽ എന്ത് നടപടി സ്വീകരിച്ചുയെന്ന് പറയുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിലെ വെൽഫെയർ ഓഫീസർ നിയമനങ്ങൾ പി.എസ്.സി മുഖേനയാണ് നടന്നത്. കെ.എസ്.ആർ.ടി.സി. യിലെ വെൽഫെയർ ഓഫീസർ Gr II (By Transfer) തസ്തികയിലേക്ക് 15.03.2011 -ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ആകെ 12 പേരെയാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ 6 പേർക്ക് നിശ്ചിത യോഗ്യതയായ കെ.എസ്.ആർ.ടി.സി.യിലെ 7 വർഷത്തെ റെഗുലർ സേവനം ഇല്ലായെന്ന് പി.എസ്.സി കണ്ടെത്തുകയുണ്ടായി. ഇവരെ റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി പി.എസ്.സി സ്വീകരിച്ചുവരുന്നു. മാത്രമല്ല റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികളിൽ മറ്റു ചിലർക്കും നിശ്ചിത യോഗ്യതയില്ലായെന്ന പരാതികളും പി.എസ്.സി പരിശോധിക്കുന്നുണ്ട്. |
| (ബി) | കൃത്യമായി 7 വർഷത്തെ സ്ഥിരം സേവനം ഇല്ലാത്തവരും, ശൂന്യവേതനാവധിയിലും ആയിരുന്ന അയോഗ്യരായ എത്ര ഉദ്യോഗാർത്ഥികൾ ലിസ്റ്റിൽ കടന്നുകൂടി യിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | 7 വർഷത്തെ സ്ഥിരസേവനം ഇല്ലാതിരുന്ന 6 പേർ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. |
| (സി) | എങ്കിൽ കടന്നുകൂടിയവരുടെ സർവ്വീസ് രേഖകൾ പരിശോധിച്ച് അയോഗ്യരായവരെയെല്ലാം ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; | (സി) | ആറുപേരിൽ രണ്ടു പേരെ ഇതിനകം ലിസ്റ്റിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. മറ്റുള്ളവർക്കെതിരെയുള്ള നടപടികൾ പി.എസ്.സി തീർപ്പാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | മുൻസർക്കാരിന്റെ കാലത്ത് നടന്ന പ്രസ്തുത നടപടിയെ കുറിച്ച് അന്വേഷിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് വിധത്തിലുള്ള അന്വേഷണമാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഡി) | പി.എസ്.സി.യുടെ നടപടി പൂർത്തിയായശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ